WEDNESDAY ബുധനാഴ്ച

14/01/2026

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/01/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ ധനസഹായം നല്കുന്ന ഈ പദ്ധതി സ്ഥാപിക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനവും മറ്റുള്ളവർക്ക് 45 ശതമാനവും സർക്കാർ സബ്സിഡി നൽകുന്നു. Forest Reserve Act (FRA) പട്ടയമുള്ള കർഷകർക്ക് 90 % വരെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. https://pdmc.da.gov.in/KeralaMIS] എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. ഈ വർഷം നിശ്ചിത അപേക്ഷാഫോറത്തിൽ ഓഫ്-ലൈൻ ആയും അപേക്ഷിക്കാം. ആധാർ, ഭൂവുടമസ്ഥത തെളിയിക്കുന്ന രേഖ (പട്ടയം/റസീറ്റ്), ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഭൂപരിധി സംബന്ധിച്ച സത്യപ്രമാണം എന്നി രേഖകൾ അപ്‌ലോഡ് ചെയ്യുക. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 1800-425-2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2012-13, 2013-14, 2015-16, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ (GLITBS) ചേർന്നിട്ടുള്ളവർ ഫെബ്രുവരി മാസം മൂന്നാം തീയതിക്കു മുമ്പായി അതതു പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ ഈ വർഷത്തെ വിഹിതം അടച്ച് പോളിസി പുതുക്കേണ്ടതാണ്. പദ്ധതി പ്രകാരം ഓരോ അംഗത്തിനും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണം സംഭവിച്ചാൽ അഞ്ചു ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് അപേക്ഷാഫോറം റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗത്തിൽ നിന്നും അയച്ചിട്ടുള്ളതാണ്. ഇതുവരെ ഫോറം ലഭിക്കാത്തവർ അതത് റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 0481-2301231 (എക്സ്റ്റൻഷൻ നമ്പർ-336) എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനക്കുള്ള ബി. വി. 380 കോഴികുഞ്ഞുങ്ങൾക്ക് 175/- രൂപ നിരക്കിൽ ബുക്കിങ്ങ് ആരംഭിച്ചു. 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബുക്ക് ചെയേണ്ടതാണ്.

## പരിശീലന പരിപാടി

4. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്പ്മെൻറ് സ്കീമിന്റെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ആറുമാസം ദൈർഘ്യമുള്ള സ്റ്റൈപെന്റോട് കൂടിയ പരിശീലന പരിപാടിയായ "തൊഴിൽ രഹിതരായ യുവജനങ്ങൾക്കുള്ള ക്ഷീരോത്പാദന മേഖലയിലെ സംരംഭകത്വ സ്റ്റൈപ്പൻഡറി പരിശീലന പരിപാടി-2026" വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 18നും 60നും ഇടയിൽ പ്രായമുള്ളവരും, നല്ല കായിക ക്ഷമതയുള്ളവരും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയിരിക്കണം. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം. 10–ാം ക്ലാസ്സ് പാസ് ആണ് മിനിമം വിദ്യാഭ്യാസ യോഗ്യത. ഈ പരിശീലനത്തിനായുള്ള നേരിട്ടുള്ള അഭിമുഖം മണ്ണുത്തി ലൈവ്സ്റ്റോക്ക് ഫാമിൽ വെച്ച് ജനുവരി 19 ന് രാവിലെ 11.00 മണിക്ക് നടത്തുന്നു. അഭിമുഖത്തിൽ പങ്കെടുക്കുന്നവർ സർക്കാർ അംഗീകരിക്കുന്ന വയസ്സ് തെളിയിക്കുന്ന രേഖ (SSLC/TC), ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും പകർപ്പും കൊണ്ടു വരേണ്ടതാണ്. പശുവളർത്തലുമായി ബന്ധപ്പെട്ട ശാസ്ത്രീയ രീതികൾ, ക്ഷീരോല്പാദനയൂണിറ്റുകളുടെ നടത്തിപ്പ്, ശാസ്ത്രീയ കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, മണ്ണിര കമ്പോസ്റ്റിങ്, സൈലേജ് നിർമ്മാണം തുടങ്ങിയവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാല നൽകുന്ന അംഗീകൃത സർട്ടിഫിക്കറ്റ് കൂടാതെ പ്രതിമാസം 7500/– രൂപ സ്റ്റൈപ്പന്റായി ലഭിക്കുന്നതിലൂടെ പരിശീലനത്തോടൊപ്പം ചെറിയ ഒരു വരുമാനവും ലഭ്യമാകുന്നു. പരിശീലനപരിപാടിയുടെ ഒറ്റത്തവണഫീസ് 3500/– രൂപ അടയ്ക്കേണ്ടതാണ്. ഈ പരിശീലനത്തിനായുള്ള സൗജന്യ അപേക്ഷ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോറം www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അല്ലെങ്കിൽ അന്നേ ദിവസം വരെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം, മണ്ണുത്തി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370302, 9846024361 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി മാസം കർഷകർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 21 ന് ആദായകരമായ പോത്ത് വളർത്തൽ, 23 ന് തെരുവുനായ നിയന്ത്രണവും സാമൂഹിക പ്രശ്നങ്ങളും എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം